പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 785 **14-10-2026-ൽ മറുപടിയ്ക്ക്**

ആലത്തൂർ പട്ടികവർഗ്ഗ ഉന്നതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. എം. ശശി

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ ഉന്നതികൾ ഉണ്ടെന്നും അവയിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ വീതം താമസിക്കുന്നുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് നൽകുമോ;

മറുപടി: ആലത്തൂർ നിയോജകമണ്ഡലത്തിൽ 21 പട്ടികവർഗ്ഗ ഉന്നതികളിലായി 294 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	ഉന്നതികളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം
കിഴക്കഞ്ചേരി	12	146
എരിമയൂർ	1	6
വണ്ടാഴി	7	141
മേലാർകോട്	1	1
ആകെ	**21**	**294**

(ബി) കിഴക്കഞ്ചേരി പഞ്ചായത്തിലെ കവിളുപ്പാറ ഉന്നതിയിൽ നടന്നുവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

മറുപടി: 2020-21 വർഷം കിഴക്കഞ്ചേരി പഞ്ചായത്തിലെ കവിളുപ്പാറ ഉന്നതിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം സൈഡ് വാൾ പ്രൊട്ടക്ഷനോടുകൂടിയ റോഡ് നിർമ്മാണം, ചപ്പാത്ത് നിർമ്മാണം, ഭവന നവീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മറുപടി: 31/12/2026 തീയതിയ്ക്കകം പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്ര അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ